ഏറ്റവും നല്ല നിലയിൽ കൃഷിയെടുത്ത് നെൽക്കതിർ അവാർഡ് സംസ്ഥാന തലത്തിൽ വാങ്ങിയ ഈ പാടശേഖരത്തിലുണ്ടായ ദുരന്തത്തിൽ കർഷകർക്ക് അടിയന്തരമായി ആശ്വാസവും സഹായധനവും നൽകാൻ ബഹുമാനപ്പെട്ട സർക്കാരിനോട് ഞാൻ ആവശ്യപ്പെടുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, തൃശ്ശൂർ ജില്ലയിലെ അയ്യന്തോൾ കൃഷിഭവൻ പരിധിയിലെ പുല്ലഴി പാടശേഖരത്തിൽ 11-2-2016-ൽ ഉണ്ടായ ശക്തമായ മഴയിൽ 90 മുതൽ 105 ദിവസം വരെ പ്രായമുള്ള നെൽച്ചെടികൾ വെള്ളംകയറി നശിച്ചിട്ടുണ്ട്. 10 മുതൽ 20 ദിവസത്തിനുള്ളിൽ വിളവെടുക്കാൻ പാകമായി നിന്നിരുന്ന 230 ഹെക്ടർ സ്ഥലത്തെ കൃഷി ഇപ്രകാരം നശിച്ചിട്ടുണ്ട്. 753 കർഷകർക്കായി ഏകദേശം 45 ലക്ഷം രൂപയുടെ വിളനാശം സംഭവിച്ചതായി പ്രാഥമിക കണക്കുകൾ സൂചിപ്പിക്കുന്നു. പാടശേഖരത്തിൽനിന്നും വെള്ളം ഒഴുക്കിക്കളയുന്ന ജോലി നടന്നുവരുന്നു. യഥാർത്ഥ നാശനഷ്ടം കണക്കാക്കി നഷ്ടപരിഹാരം നൽകാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(4)വെൺപകൽ എൽ.പി.ബി.എസ്-നെ യു.പി.എസ്. ആയി ഉയർത്തൽ

ശ്രീ. ആർ. സെൽവരാജ്: സർ, നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന രണ്ട് എൽ.പി. സ്കൂളുകൾ അതിയന്നൂർ വെൺപകൽ റോഡിന്റെ ഇരുവശത്തുമായി സ്ഥിതി ചെയ്യുകയാണ്. രണ്ട് എൽ.പി. സ്കൂളുകളിലും അദ്ധ്യാപകരും വിദ്യാർത്ഥികളും വളരെ കുറവാണ്. അതിൽ ഒരു എൽ. പി. സ്കൂൾ യു.പി. സ്കൂളായി ഉയർത്തിയാൽ അധിക ബാധ്യതയില്ലാതെ രണ്ട് സ്കൂളും നിലനിൽക്കുകയും അതുപോലെത്തന്നെ അദ്ധ്യാപകരെ നിലനിർത്താനും സാധിക്കുകയും ചെയ്യും. അതിൽ ഒരു എൽ.പി. സ്കൂളിനെ യു.പി. സ്കൂളായി ഉയർത്തണം എന്നുള്ളതാണ് എന്റെ സബ്മിഷൻ.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, തിരുവനന്തപുരം റവന്യൂ ജില്ലയിലെ നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട വെൺപകൽ ഗവൺമെന്റ് ബോയ്സ് സ്കൂളിലും ഗവൺമെന്റ് എൽ.പി. ഗേൾസ് സ്കൂളിലും ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധനയിൽ പ്രസ്തുത രണ്ട് സ്കൂളുകളിലും കുട്ടികളുടെ എണ്ണം വളരെ കുറവാണെന്ന് കാണുകയും ഇത് സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുമെന്നതിനാൽ രണ്ട് സ്കൂളുകളെയും ലയിപ്പിച്ച് ഒറ്റ സ്കൂളായി പ്രവർത്തിപ്പിക്കുവാൻ ശിപാർശ ചെയ്യുകയുമുണ്ടായി. ഇതേ തുടർന്ന് സർക്കാർ നിർദ്ദേശ പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ 6-5-2015-ൽ പ്രസ്തുത സ്കൂളുകൾ സന്ദർശിച്ചശേഷം സമർപ്പിച്ച റിപ്പോർട്ടിൽ ഇരു സ്കൂളുകളിലേയും

LIBRARY ARCHIVES Kerala Legislative Assembly

ഒന്നുമുതൽ അഞ്ച് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം യഥാക്രമം 15-ഉം 45-ഉം ആണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ പ്രീ-പ്രൈമറി വിഭാഗത്തിൽ ഈ സ്കൂളുകളിലായി 62 കുട്ടികൾ (17+45) പഠിക്കുന്നതായും രണ്ട് പ്രഥമാദ്ധ്യാപകരും എട്ട് അദ്ധ്യാപകരും രണ്ട് പാർട്ട്ടൈം കണ്ടിജന്റ് മിനിയനും ഉൾപ്പെടെ 12 പേർ ജോലി ചെയ്യുന്നതായും പറയുന്നു. രണ്ട് സ്കൂളുകളിലുമായി ഓരോ ഡിവിഷനിലും പഠിക്കുന്ന കുട്ടികളുടെ ആകെ എണ്ണം ഒറ്റ ഡിവിഷനിൽ ഉൾക്കൊള്ളാവുന്ന വിധത്തിലായതിനാൽ രണ്ട് സ്കൂളുകളെ സംയോജിപ്പിക്കേണ്ട ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ നിർദ്ദേശം അംഗീകരിച്ചുകൊണ്ട് ഏകീകരിച്ച സ്കൂളിന്റെ പ്രവർത്തനം നിലവിൽ വിദ്യാർത്ഥികളും സൗകര്യങ്ങളും കൂടുതലുള്ള ഗവൺമെന്റ് ഗേൾസ് എൽ.പി. സ്കൂളിലേയ്ക്ക് മാറ്റാവുന്നതും ഒഴിവുവരുന്ന ഗവൺമെന്റ് ബോയ്സ് സ്കൂൾ കെട്ടിടത്തിലേയ്ക്ക് രണ്ട് സ്കൂളുകളിലായി നിലവിലുള്ള പ്രീ-പ്രൈമറി സെക്ഷൻ മാറ്റാവുന്നതാണെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

അതിന്റെ അടിസ്ഥാനത്തിൽ വെൺപകൽ ഗവൺമെന്റ് എൽ. പി. സ്കൂൾ ബോയ്സ് സ്കൂളുമായി ലയിപ്പിക്കാവുന്നതും രണ്ടു സ്കൂളുകളിലുമായി ഓരോ തരത്തിലും പഠിക്കുന്ന കുട്ടികളുടെ ആകെ എണ്ണം ഒറ്റ ഡിവിഷനിൽ ഉൾക്കൊള്ളിച്ച് രണ്ട് സ്കൂളുകളും സംയോജിപ്പിച്ചുകൊണ്ടും നിലവിൽ പ്രവർത്തിച്ചുവരുന്ന പ്രീ-പ്രൈമറി ക്ലാസ്സുകൾ സംയോജിപ്പിച്ച് ഒഴിവുവരുന്ന ഗവൺമെന്റ് ബോയ്സ് സ്കൂളിലേക്ക് മാറ്റിക്കൊണ്ടും രണ്ട് സ്കൂളുകളും ലയിപ്പിക്കുന്നതുമൂലം അധികംവരുന്ന അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരെ ഉചിതമായ രീതിയിൽ പുനർവിന്യസിപ്പിക്കുന്നതിന് തീരുമാനിക്കുകയും തുടർന്ന് 12-11-2015 -ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 5320/2015 പൊതു വിദ്യാഭ്യാസ വകുപ്പ് പ്രകാരം തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് നൽകുകയുണ്ടായി. എന്നാൽ ഈ പ്രദേശത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കർഷകരുടേയും പട്ടികജാതിക്കാരുടേയും കുട്ടികൾക്ക് പ്രൈമറി വിദ്യാഭ്യാസത്തിന് തടസ്സം വരികയാണെന്നും ഈ സാഹചര്യത്തിൽ വെൺപകൽ എൽ.പി.ബി. സ്കൂൾ നിലവിലുള്ളതുപോലെ തന്നെ ഒന്നുമുതൽ നാല് വരെയുള്ള ക്ലാസ്സുകൾ നിലനിർത്തേണ്ടതാണെന്നുമുള്ള നാട്ടുകാരുടേയും രക്ഷിതാക്കളുടേയും ആവശ്യവും അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 23-12-2015-ലെ പ്രമേയം പരിഗണിച്ചും അതിയന്നൂർ ഗ്രാമപഞ്ചായത്ത് ബഹുമാനപ്പെട്ട എം.എൽ.എ. മുഖാന്തിരം, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്മേൽ തീർപ്പു കൽപ്പിക്കുന്നതുവരെ 12-11-2015-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 5320/2015 പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് നടപ്പിലാക്കുന്നത് നിർത്തിവയ്ക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവ് നൽകിയിട്ടുണ്ട്. നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് പ്രകാരം ഗവൺമെന്റ് ബോയ്സ് എൽ.പി. സ്കൂളിൽ 2012-13 വർഷം 17 കുട്ടികളും, 2013-14 വർഷം 12 കുട്ടികളും 2014-15 വർഷം 15 കുട്ടികളുമാണുള്ളത്. അതുപോലെ ഗവൺമെന്റ് ഗേൾസ് സ്കൂളിൽ യഥാക്രമം 30, 32, 41 കുട്ടികൾ മാത്രമേ പഠിതാക്കളായിട്ടുള്ളൂ എന്ന് കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്ത് സ്കൂളുകൾ സാധാരണഗതിയിൽ അപ്ഗ്രേഡ് ചെയ്യുകയോ, പുതിയ സ്കൂളുകൾ ആരംഭിക്കാനോ പാടില്ലെന്ന് 13-6-2007-ലെ സർക്കാർ ഉത്തരവ് പി. 107/07 പൊതുവിദ്യാഭ്യാസ ഉത്തരവ് നിലവിലുണ്ട്. മാത്രമല്ല, സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനും പുതിയ സ്കൂളുകൾ ആരംഭിക്കുന്നതിനും കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം 5, ചട്ടം 2 (എ) പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. മാത്രമല്ല,. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണമെന്നാവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട WPC 3060/2014 ഉൾപ്പെടെ ഒരുകൂട്ടം ഹർജികളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 18/06/2015-ൽ വിധി പ്രസ്താവിക്കുകയുണ്ടായി. വിവേചനരഹിതമായി സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന നടപടി അനുചിതമാണെന്ന് വിലയിരുത്തിയ ബഹുമാനപ്പെട്ട ഹൈക്കോടതി സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ നയം രൂപീകരിക്കണമെന്നും സ്കൂൾ മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തെയും വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയശേഷം കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് തുടർ നടപടികൾ സ്വീകരിക്കണമെന്നും പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതുവരെ ഒരു സ്കൂളും അപ്ഗ്രേഡ് ചെയ്യരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരികയാണ്. മേൽ കോടതി വിധി പരിഗണിച്ച് സ്കൂൾ മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ മാത്രമേ സംസ്ഥാനത്തെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ. എന്നാൽ വെൺപകൽ ഗവൺമെന്റ് എൽ.പി.ബി.എസ്സും ഗവൺമെന്റ് എൽ.പി.ജി.എസ്സും സംയോജിപ്പിക്കണമെന്ന സർക്കാർ തീരുമാനം തസ്തിക നിർണ്ണയം, അദ്ധ്യാപക പാക്കേജ്, അദ്ധ്യാപക പുനർവിന്യാസം എന്നിവ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 29-1-2016 -ലെ ജി.ഒ.പി നമ്പർ 29/2016 പൊതുവിദ്യാഭ്യാസ നമ്പർ ഉത്തരവ് പുന:പരിശോധിച്ച് ഉചിതമായ ഉത്തരവ് കൈക്കൊള്ളുന്നതാണ്.

(5) സിന്തറ്റിക് ട്രാക്കും കായിക ഉപകരണങ്ങളും നൽകാൻ നടപടി

<u>ശ്രീ. സി. മോയിൻകുട്ടി</u>: സർ, സ്കൂൾ കായികമേളയിൽ കേരളത്തെ അത്യുന്നതിയിൽ എത്തിച്ച തിരുവമ്പാടി മണ്ഡലത്തിലെ കായികപ്രതിഭകളുടെ

LIBRARY ARCHIVES Kerala Legislative Assembly